**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6687** **21-03-2023 - ൽ മറുപടിയ്ക്ക്**

**കെ.ടി.ഡി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കെ.ടി.ഡി.സി. ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.ടി.ഡി.സി. ജീവനക്കാർക്കുള്ള ശമ്പളവും അനുബന്ധ ആനുകൂല്യങ്ങളും നൽകുന്നത് അവരുടെ തനത് ഫണ്ടിൽ നിന്നുമാണ്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലുണ്ടായ നിപ്പ, കോവിഡ് - 19 തുടങ്ങിയ മഹാമാരികളും ഓഖി, പ്രളയം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളും വിനോദസഞ്ചാര മേഖലയെ വളരെയധികം പ്രതികൂലമായി ബാധിക്കുകയും അതോടൊപ്പം കെ.ടി.ഡി.സി.യുടെ തനത് ഫണ്ട് സമാഹരിക്കുന്നതിന് ഇടിവുണ്ടാക്കുകയും ചെയ്തു. എന്നിരുന്നാലും ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് ആവശ്യമായ പരിശോധന നടത്തുന്നതാണ്. |
| (ബി) | കെ.ടി.ഡി.സി. യൂണിറ്റുകളിൽ പരിജ്ഞാനമുള്ള ജീവനക്കാരുടെ കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെ.ടി.ഡി.സി. യിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച് ജീവനക്കാരെ നിയമിക്കുന്നതിനും ട്രാൻസ്ഫർ പോളിസി നടപ്പിലാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | അവരുടെ അനുഭവസമ്പത്തും മേഖലയിലുള്ള പ്രാവീണ്യവും വർദ്ധിപ്പിക്കുന്നതിനായി പരിശീലന പരിപാടികൾ നടന്നുവരുന്നു. കെ.ടി.ഡി.സി. യിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സർക്കാർ പരിശോധിച്ചുവരുന്നു. ട്രാൻസ്ഫർ പോളിസി നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധനയ്ക്കായി കെ.ടി.ഡി.സി.-യിൽ കമ്മിറ്റി രൂപീകരിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ